**കേരള കാർഷിക സർവ്വകലാശാല**
മെയിൻ കാമ്പസ്, വെള്ളാനിക്കര, തൃശ്ശൂർ - 680656

**കേരള കാർഷിക സർവ്വകലാശാലയിൽ ബി.എസ്.സി.(ഓണേഴ്സ്) അഗ്രിക്കൾച്ചർ കോഴ്സിന് പുതുതായി അനുവദിച്ച സീറ്റുകൾ**

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കാർഷിക കോളേജുകളിൽ ബി.എസ്.സി.(ഓണേഴ്സ്) അഗ്രിക്കൾച്ചർ കോഴ്സിന് 25 അധിക സീറ്റുകളിൽ കൂടി പ്രവേശനം അനുവദിക്കുന്നതിന് തീരുമാനമായി. സർക്കാരിന്റെ നിർദ്ദേശത്തെ തുടർന്നാണ് വിവിധ വിഭാഗങ്ങളിലായി സീറ്റുകൾ അനുവദിച്ചിരിക്കുന്നത് . ഈ അദ്ധ്യയന വർഷം തന്നെ അധിക സീറ്റുകളിൽ പ്രവേശനം അനുവദിക്കും. നിലവിൽ എൻട്രൻസ് പരീക്ഷാ കമ്മീഷണർ ഈ കോഴ്സിലേക്ക് മെഡിക്കൽ പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശനനടപടികൾ പൂർത്തിയാക്കി വരികയാണ്. എൻട്രൻസ് പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശന നടപടികൾ പൂർത്തീകരിച്ചാലുടൻ തന്നെ അധിക സീറ്റുകളിലേക്കുള്ള പ്രവേശന തീയതി സർവ്വകലാശാല നിശ്ചയിക്കും. എന്നാൽ എൻട്രൻസ് പരീക്ഷാ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്കു മാത്രമേ അധിക സീറ്റുകളിലും പ്രവേശനം നേടാനാവൂ.

വി.എച്ച്.എസ്.സി. അഗ്രിക്കൾച്ചർ യോഗ്യത നേടുകയും എൻട്രൻസ് പരീക്ഷാ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്ത 16 പേർക്ക് സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശത്തെ തുടർന്ന് വിമുക്തഭടൻമാർക്ക് നൽകി വരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അർദ്ധസൈനിക വിഭാഗത്തിൽ നിന്നും വിരമിച്ചവർക്കും സംസ്ഥാന സർക്കാർ അനുവദിക്കാൻ തീരുമാനമെടുത്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ബി.എസ്.സി.(ഓണേഴ്സ്) അഗ്രിക്കൾച്ചർ കോഴ്സിന് രണ്ടു സീറ്റുകൾ കാർഷിക സർവ്വകലാശാല അർദ്ധസൈനിക വിഭാഗങ്ങളിൽ നിന്നും വിരമിച്ചവരുടെ മക്കൾക്ക് അനുവദിക്കും. ഇവരും എൻട്രൻസ് പരീക്ഷാ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരായിരിക്കണം.

കൂടാതെ, അഗ്രിക്കൾച്ചർ ഡിപ്ലോമാ യോഗ്യത നേടിയ എൻട്രൻസ് പരീക്ഷാ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ആറ് പേർക്ക് കൂടി ബി.എസ്.സി.(ഓണേഴ്സ്) അഗ്രിക്കൾച്ചർ കോഴ്സിന് സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. എൻട്രൻസ് പരീക്ഷാ വിജ്ഞാപനത്തിൽ പറയുന്ന 6 സീറ്റുകൾക്കു പുറമേയാണിത്. കാർഷിക മേഖലയിലേക്ക് വിദ്യാർത്ഥികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി കാർഷിക മേഖലയിൽ കഴിവു തെളിയിച്ച് സംസ്ഥാന തലത്തിൽ സംസ്ഥാന സർക്കാരിന്റെ കർഷക അവാർഡു നേടിയ ഒരു വിദ്യാർത്ഥിക്കും ഈ കോഴ്സിന് പ്രവേശനം അനുവദിക്കും. അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണറിന്റെ അദ്ധ്യക്ഷതയിലുള്ള ഒരു സെലക്ഷൻ കമ്മിറ്റിയാവും എൻട്രൻസ് പരീക്ഷാ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകരിൽ നിന്ന് ഒരു വിദ്യാർത്ഥിയെ തിരഞ്ഞെടുക്കുക.

**ഡയറക്ടർ (അക്കാഡ് & പി.ജി. സ്റ്റഡീസ്)**